# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 293** | **03/02/2020-ൽ മറുപടിയ്ക്ക്**

## ആയുർവേദ മരുന്നുകളുടെ ഗുണനിലവാരപരിശോധന

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

എ) പരമ്പരാഗത വൈദ്യശാസ്ത്ര രീതികളുടെ വാണിജ്യവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേരളത്തിൽ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന എല്ലാ ആയുർവേദ സിദ്ധ യുനാനി ഔഷധ നിർമ്മാണ സ്ഥാപനങ്ങളും ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ ഷെഡ്യൂൾ T ഉറപ്പാക്കുന്നതിനാൽ ജിഎംപി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ പതിവായി ആയുർവേദ ഔഷധ നിർമ്മാണ സ്ഥാപനങ്ങളിൽ നിന്നും ഔഷധ വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും പരിശോധനയ്ക്കായി സ്റ്റാറ്റ്യൂട്ടറി സാംപ്ലിംഗ് നടത്താറുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും ഉള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലും ആയുഷ് വിഭാഗത്തിലും ഇവ ടെസ്റ്റ്/അനാലിസിസ് ചെയ്യപ്പെടുകയും സാരമായ വ്യതിയാനത്തിൽ ഗുണനിലവാരമില്ലാത്ത ഔഷധ നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികളും ഗുരുതരമായ ഗുണനിലവാര വ്യതിയാനം വരുത്തുന്നവർക്കെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിയമ നടപടികളും സ്വീകരിക്കാറുണ്ട്.

എല്ലാ ഔഷധ നിർമ്മാതാക്കളും അവരുടെ സ്വന്തം ലബോറട്ടറിയിലും ലാബ് ഏർപ്പെടുത്താത്തവർ മറ്റ് 7 സ്വകാര്യ ആയുഷ് അംഗീകൃത ലബോറട്ടറിയിലും വിശദമായ പരിശോധന നടത്തി

ഗുണനിലവാരം ഉറപ്പാക്കി ബോധ്യപ്പെട്ട ശേഷമാണ് ഔഷധങ്ങൾ വിൽപ്പനയ്ക്ക് നൽകുന്നത്. ഈ കാര്യങ്ങൾ എല്ലാം തന്നെ സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിലയിരുത്താറുണ്ട്.

**ബി)** ഭക്ഷ്യ വസ്തുക്കളിലടക്കം മായം ചേർക്കൽ സർവസാധാരണമായ ഈ കാലഘട്ടത്തിൽ ഇത്തരം മരുന്നുകളുടെ ഗുണനിലവാരപരിശോധന കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിക്കുമോ;

**ബി)** ആയുർവേദമരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് ആയുർവേദിക് ഫാർമകോപ്പിയ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന പരിശോധനകൾ എല്ലാം നടത്തുന്നതിന് തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും മതിയായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിച്ച തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ആയുർവേദ വിഭാഗം കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സജീവ പരിഗണനയിലാണ്.

**സി)** ഗുണനിലവാരമില്ലാത്ത ആയുർവേദ-മരുന്നുകൾ നിരോധിക്കുകയും അത്തരം മരുന്നുകൾ ഉൽപാദിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**സി)** ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാര നിർണ്ണയത്തിനായി അതാത് മേഖലയിൽ ചുമതലയുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിലുള്ള ഔഷധ നിർമ്മാണ യൂണിറ്റുകളിൽ നിന്നും വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ നിശ്ചിത തോതിൽ ശേഖരിച്ച് തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും അയയ്ക്കുന്നു. ഇപ്രകാരം ലഭിക്കുന്ന സാമ്പിളുകൾ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലെ എ.എസ്.യു വിഭാഗത്തിലെ അനലിസ്റ്റുമാർ പരിശോധിച്ച് റിപ്പോർട്ടുകൾ അയയ്ക്കുന്നു.

ഇപ്രകാരം ലഭിക്കുന്ന ടെസ്റ്റ് റിപ്പോർട്ടുകളിൽ ഗുണനിലവാരം ഉറപ്പാക്കാത്ത ഔഷധ നിർമ്മാണ ഉടമയ്ക്കും സ്ഥാപനങ്ങൾക്കുമെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിയമ നടപടിയും വകുപ്പുതല നടപടികളും, അത്തരം മരുന്നുകളുടെ വിൽപ്പന നിരോധിക്കൽ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

കൂടാതെ പൊതുജനങ്ങൾക്കും നിർമ്മാതാക്കൾക്കും ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പരിശോധന നടത്തുന്നതിലേയ്ക്ക് ഏഴ് (7) ആയുഷ് അപ്രൂവ്ഡ് ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**